## പതിമൂന്നാം കേരള നിയമസഭ - ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1359 12/07/2011-ൽ മറുപടിയ്ക്ക്

### നെയ്യാറ്റിൻകര മണ്ഡലത്തിൽ തീരദേശറോഡുകൾ നവീകരിക്കുന്നതിന് നടപടി

**ചോദ്യം** | **മറുപടി**

ശ്രീ. ആർ. സെൽവരാജ്

ശ്രീ. ഉമ്മൻചാണ്ടി
(ബഹു. മുഖ്യമന്ത്രി)

| | |
|---|---|
| (എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ തീരദേശ പ്രദേശം ഉൾപ്പെടുന്ന കുളത്തൂർ, കാരോട് എന്നീ പഞ്ചായത്തുകളിലെ തകർന്ന് കിടക്കുന്ന തീരദേശ റോഡുകൾ നവീകരിക്കുന്നതിന് എത്ര തുകയാണ് ഈ സർക്കാർ അനുവദിച്ചതെന്ന് വ്യക്തമാക്കുമോ ; | ഈ സർക്കാർ തുക അനുവദിച്ചിട്ടില്ല. |
| (ബി) പൊഴിയൂർ ആശുപത്രിനട റോഡ്, പൊഴിയൂർ-വാളംകുളം ചാനൽറോഡ്, വെട്ടുകാട്- തെരവിയം ആശുപത്രി റോഡ് എന്നീ തീരദേശ റോഡുകൾ പുനരുദ്ധരിക്കുന്നതിന് സർക്കാരിന്റെ 100 ദിന കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിന് നിർദ്ദേശം നൽകുമോ ; | 100 ദിന പരിപാടിയിൽ ഉൾപ്പെട്ടിട്ടില്ല. |
| (സി) നെയ്യാറ്റിൻകര മണ്ഡലത്തിൽ പുനരുദ്ധരിച്ച തീരദേശ റോഡുകൾ ഏതെല്ലാമെന്നും ഓരോന്നിനും സർക്കാർ ചെലവഴിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ ; | ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന തീരദേശ റോഡുകളുടെ പുനരുദ്ധാരണ പദ്ധതി പ്രകാരം 2009-10 കാലയളവിൽ നിലവിൽ നെയ്യാറ്റിൻകര മണ്ഡലത്തിലെ പുനരുദ്ധരിച്ച റോഡുകളും ചെലവായ തുകയും ചുവടെ ചേർക്കുന്നു.<br><br>1) കാരോട് പഞ്ചായത്തിലെ കോവിലുവിള-കുട്ടക്കാരത്തിരം റോഡ് - 9.81 ലക്ഷം രൂപ<br><br>2) കുളത്തൂർ പഞ്ചായത്തിലെ കുറുമ്പി-താഴകശ്ശേരി-കുട്ടം തുറന്ന റോഡ്- 14.38 ലക്ഷം രൂപ<br><br>3) പൊഴിയൂർ പോലീസ് സ്റ്റേഷൻ റോഡ് - 32.5 ലക്ഷം രൂപ |

| | |
|---|---|
| | 4) ആറ്റുപുറം-തുമ്പകൻ റോഡ് - 28.22 ലക്ഷം രൂപ<br><br>5) പൊഴിയൂർ-മാടൻ കോവിൽ - പുല്ലുപടി റോഡ് - 24.21 ലക്ഷം രൂപ<br><br>2010-11 കാലയളവിൽ പുനരുദ്ധരിച്ച റോഡുകളും ചെലവായ തുകയും ചുവടെ ചേർക്കുന്നു.<br><br>6) പൊഴിയൂർ- കൊല്ലംകോട് ഫിഷറി വില്ലേജ് റോഡ്- 9.64 ലക്ഷം രൂപ<br><br>7) കുളത്തൂർ- പഞ്ചായത്തിലെ ആറ്റുപുറം കുരുവിത്തോട്ടം റോഡ് - 7 ലക്ഷം രൂപ നാളിതുവരെ ചെലവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ